"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - LID&EW - റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ശുചിത്വ മിഷനിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1433/2024/LSGD തീയതി,തിരുവനന്തപുരം, 04-08-2024

---

പരാമർശം:-

1. 31.01.2008 ലെ സ.ഉ.(കൈ).നം 31/2008/തസ്വഭവ ഉത്തരവ്.
2. 25.10.2019 ലെ സ.ഉ.(കൈ).നം 133/2019/തസ്വഭവ ഉത്തരവ്.
3. 27.12.2023 ലെ സ.ഉ.(സാധാ)നം.2579/2023/തസ്വഭവ ഉത്തരവ്.
4. 02.08.2024 ലെ സ.ഉ.(സാധാ)നം.1415/2024/തസ്വഭവ ഉത്തരവ്.

**<u>ഉത്തരവ്</u>**

മാലിന്യമുക്തം നവകേരളം ക്യാമ്പയിനോടനുബന്ധിച്ച് ശുചിത്വ മിഷന്റെ വർദ്ധിച്ച ജോലിഭാരവും അതിനനുസൃതമായുള്ള ഉദ്യോഗസ്ഥരുടെ അഭാവവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ശുചിത്വമിഷനിൽ ഖരമാലിന്യസംസ്കരണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിനായി നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ രണ്ടും, കരാർ വ്യവസ്ഥയിൽ ഒന്നും എഞ്ചിനീയർമാരാണ് ഉള്ളത്. മാലിന്യമുക്തം നവകേരളം ക്യാമ്പയിനോടനുബന്ധിച്ച് നിരവധി പോളിസി പേപ്പറുകളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കേണ്ടതുള്ളതിനാൽ പ്രസ്തുത ചുമതലകൾ നിർവഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെക്കൂടി നിയോഗിക്കുന്നതിന്റെ ആവശ്യകത സർക്കാർ പരിശോധിക്കുകയുണ്ടായി.

(2). പരാമർശം (2) പ്രകാരം രൂപീകരിച്ച റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലായതിനാൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ജോലിഭാരത്തിൽ കുറവ് വന്നതിനെ തുടർന്ന് തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക നിർത്തലാക്കാൻ പരാമർശം (4) പ്രകാരം തീരുമാനമായിരുന്നു.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വമിഷനിലെ വർദ്ധിച്ച ജോലിഭാരവും അതിനനുസൃതമായുള്ള ഉദ്യോഗസ്ഥരുടെ അഭാവവും കണക്കിലെടുത്ത് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന് അനുവദിച്ചിട്ടുണ്ടായിരുന്ന, PIU RKI തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക ശുചിത്വ മിഷനിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ടി തസ്തികയിലേയ്ക്ക് പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ PMU RKI -യിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബിനോദ്. ജെ [PEN No.151675] -യെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) തൃശ്ശൂർ.
4. പ്രോജക്റ്റ് ഡയറക്ടർ, PMU RKI
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. തദ്ദേശ സ്വയംഭരണ(ഡബ്ല്യുഎം) വകുപ്പ്.
8. തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്.
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 05-08-2024 09:04:54
സെക്ഷൻ ഓഫീസർ